പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XII
# (SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും
## (HEALTH AND FAMILY WELFARE)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
## അഞ്ചാമത് റിപ്പോർട്ട്
**(2025-2026)**

## FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS
## (2025-2026)

**2025 മാർച്ച് 3-ാം തീയതി സമർപ്പിച്ചത്**
**(Presented on 3rd March 2025)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2025

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XII

# (SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും

## (HEALTH AND FAMILY WELFARE)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**അഞ്ചാമത് റിപ്പോർട്ട്**

**(2025-2026)**

**FIFTH REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2025-2026)**

286/2025.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XII

## (ആരോഗ്യവും കുടുംബക്ഷേമവും)

## (2023-2026)

### ഘടന

<u>ചെയർപേഴ്സൺ:</u>

ശ്രീമതി വീണാ ജോർജ്ജ്,
ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീമതി സി. കെ. ആശ

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ദെലീമ

ശ്രീ. ജോബ് മൈക്കിൾ

ശ്രീമതി യു. പ്രതിഭ

ശ്രീമതി കെ. കെ. രമ

ഡോ. സുജിത് വിജയൻപിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി സുനിത സി., അണ്ടർ സെക്രട്ടറി.

## അവതാരിക

2025-2026 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച, സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

സമിതി, 18-2-2025-ന് യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾപ്പെട്ട വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XVIII | _ | വൈദ്യസഹായവും പൊതുജനാരോഗ്യവും |
| ധനാഭ്യർത്ഥന നമ്പർ XIX | _ | കുടുംബക്ഷേമം |
| ധനാഭ്യർത്ഥന നമ്പർ XX | _ | ശുദ്ധജല വിതരണവും ശുചീകരണവും |
| ധനാഭ്യർത്ഥന നമ്പർ XXX | _ | ഭക്ഷ്യം |

മേല്പറഞ്ഞ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

പ്രസ്തുത വിവരങ്ങൾ പരിശോധനാവിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2025 ഫെബ്രുവരി 25-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**വീണാ ജോർജ്ജ്,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2025 മാർച്ച് 3.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായവും പൊതുജനാരോഗ്യവും

വോട്ട് ചെയ്തത് - 10431,68,01,000 രൂപ

ചാർജ്ജ് ചെയ്തത് - 4,59,000 രൂപ

**ആരോഗ്യ വകുപ്പ്**

2210-01-110-47—ദേശീയ ഡിപ്ലോമാറ്റ് ബോർഡ്

2210-01-110-47-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പൻഡുകളും

ബഡ്ജറ്റ് വിഹിതം : 4.5 കോടി രൂപ (പ്ലാൻ)

1. നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-101-19—ദേശീയ ആരോഗ്യ ദൗത്യം (കേന്ദ്രാവിഷ്കൃതം 60:40)

2210-06-101-19-02—ദേശീയ ആരോഗ്യ ദൗത്യം (സംസ്ഥാന വിഹിതം)

ബഡ്ജറ്റ് വിഹിതം : 365.2 കോടി രൂപ (പ്ലാൻ)

2. 2025-2026 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ ക്യാഷ് ഗ്രാന്റായും കൈന്റ് ഗ്രാന്റായും റീ-ഇംബേഴ്സ്മെന്റ് ഇനത്തിലും കേന്ദ്ര വിഹിതമായി ബജറ്റിൽ 871.59 കോടി രൂപ വകയിരുത്തിയിരിക്കുന്നതിനാൽ അതിന് ആനുപാതികമായി സംസ്ഥാനം വകയിരുത്തേണ്ടത് 581.06 കോടി രൂപയാണ്. കേന്ദ്ര വിഹിതത്തിനും സംസ്ഥാന വിഹിതത്തിനും മതിയായ തുക ഉണ്ടെന്ന് ഉറപ്പാക്കണമെന്നും SNA സംവിധാന പ്രകാരം കേന്ദ്ര ഫണ്ടും ആനുപാതികമായി സംസ്ഥാന വിഹിതവും 30 ദിവസത്തിനകം നാഷണൽ ഹെൽത്ത് മിഷന്റെ Single nodal account- ലേക്ക് കൈമാറേണ്ടതിനാൽ ബഡ്ജറ്റ് ശീർഷകത്തിൽ മതിയായ തുക ഉറപ്പാക്കേണ്ടതുണ്ടെന്നും അല്ലാത്തപക്ഷം RBI യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള പലിശ സംസ്ഥാനം നൽകേണ്ടതാണെന്നുമുള്ള കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾ ഉള്ളതിനാൽ 215.86 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-101-09—പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ഹെൽത്ത് ഇൻഫ്രാസ്ട്രക്ചർ മിഷൻ (PM- ABHIM) (60% CSS)

2210-06-101-09-01—(കേന്ദ്ര വിഹിതം)

2210-06-101-09-02—(സംസ്ഥാന വിഹിതം)

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

2210-06-101-09-01—37.5 കോടി രൂപ

2210-06-101-09-02—25 കോടി രൂപ

3. 2210-06-101-09-01 എന്ന ശീർഷകത്തിൽ 2025 സാമ്പത്തിക വർഷം കേന്ദ്രം അനുവദിച്ച പദ്ധതി അടങ്കൽ തുക 134.98 കോടി രൂപയായതിനാൽ അതിന്റെ കേന്ദ്രവിഹിതം 80.99 കോടി രൂപയും സംസ്ഥാന വിഹിതം 53.99 കോടി രൂപയും ആണ്. എന്നാൽ ബജറ്റിൽ വകയിരുത്തിയ തുക യഥാക്രമം 37.5 കോടി രൂപയും 25 കോടി രൂപയും ആണ്. ആയതിനാൽ ചുവടെ ചേർക്കും പ്രകാരം മേൽ ശീർഷകങ്ങളിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധിക തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-101-09-01—43.49 കോടി രൂപ

2210-06-101-09-02—28.99 കോടി രൂപ

2210-06-112-98-34-3—ആശാവർക്കർമാർക്കുള്ള അലവൻസ് മറ്റ് ചെലവുകൾ - മറ്റിനം

ബഡ്ജറ്റ് വിഹിതം : 197.8981 കോടി രൂപ (നോൺ പ്ലാൻ)

4. ആശാവർക്കർമാർക്കുള്ള അലവൻസ് 6000 രൂപയിൽ നിന്നും 7000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 21.5519 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

2210-01-110-94—അലോപ്പതി മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-01-110-94-05-02—ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്-4.8424 കോടി രൂപ

2210-01-110-94-24—സാധന സാമഗ്രികൾ - 2.0281 കോടി രൂപ

5. നടപ്പ് സാമ്പത്തിക വർഷം മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരമുള്ള തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകങ്ങളിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-94-05-02—2.8376 കോടി രൂപ

2210-01-110-94-24—32.19 ലക്ഷം രൂപ

2210-01-110-88-05-01—കണ്ണാശുപത്രി തിരുവനന്തപുരം - ഓഫീസ് ചെലവുകൾ - വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 1.98 ലക്ഷം രൂപ (നോൺ പ്ലാൻ)

6. പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 13.02 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിലേക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-78—മെഡിക്കൽ കോളേജ് ആശുപത്രികളിലും മറ്റ് ആശുപത്രികളിലും മെഡിക്കൽ ഓക്സിജനും ലിക്വിഡ് മെഡിക്കൽ ഓക്സിജനും വിതരണം

ബഡ്ജറ്റ് വിഹിതം : 12 കോടി രൂപ (നോൺ പ്ലാൻ)

7. ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 3.0446 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-001-99—മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

1. 2210-05-001-99-05-1—വെള്ളക്കരം : 1.66 ലക്ഷം രൂപ

2. 2210-05-001-99-05-2—വൈദ്യുതി ചെലവ് : 7.70 ലക്ഷം രൂപ

3. 2210-05-001-99-05-3—ടെലിഫോൺ ചെലവ് : 1.83 ലക്ഷം രൂപ

4. 2210-05-001-99-34-3—മറ്റ് ചെലവുകൾ മറ്റിനം : 13.50 ലക്ഷം രൂപ

8. ജീവനക്കാർക്ക് വേതനം നൽകുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് വീഡിയോ കോൺഫറൻസിംഗ് എന്നീ സംവിധാനങ്ങൾക്കുള്ള ഇന്റർനെറ്റ് സേവനം ലഭ്യമാക്കേണ്ടുന്ന ചെലവുകൾക്കുമായി മേൽ ശീർഷകങ്ങളിൽ നടപ്പ്

സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകങ്ങളിൽ ചുവടെ ചേർക്കും പ്രകാരം അധിക തുക ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

1. 2210-05-001-99-05-1—വെള്ളക്കരം : 3.02 ലക്ഷം രൂപ

2. 2210-05-001-99-05-2—വൈദ്യുതി ചെലവ് : 2.26 ലക്ഷം രൂപ

3. 2210-05-001-99-05-4—ടെലിഫോൺ ചെലവ് : 4.01 ലക്ഷം രൂപ

4. 2210-05-001-99-34-3—മറ്റ് ചെലവുകൾ മറ്റിനം : 16.20 ലക്ഷം രൂപ

2210-05-001-91—ഇന്ത്യൻ മെഡിക്കൽ കൗൺസിലിന് പരിശോധന ഫീസ് അടയ്ക്കൽ

ബഡ്ജറ്റ് വിഹിതം : 49.66 ലക്ഷം രൂപ (നോൺ പ്ലാൻ)

9. ആലപ്പുഴ, കണ്ണൂർ, എറണാകുളം എന്നീ മെഡിക്കൽ കോളേജുകളിൽ P.G. സീറ്റുകൾ വർദ്ധിപ്പിച്ചതിനാലും അഞ്ച് പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിച്ചതിനാലും തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിൽ 100 സീറ്റുകളുള്ള ഒരു അധിക ബാച്ചിലേക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചതിനാലും പരിശോധനയ്ക്കും അംഗീകാരത്തിനും വേണ്ടി ഇന്ത്യൻ മെഡിക്കൽ കൗൺസിൽ, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, കേരള ആരോഗ്യ സർവ്വകലാശാല എന്നിവിടങ്ങളിൽ മുൻ വർഷത്തേക്കാൾ കൂടുതൽ തുക ഒടുക്കേണ്ടതുകൊണ്ട് ടി ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ അധികമായി 30 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിലേക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-001-84—കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയ്ക്കുള്ള അഫിലിയേഷൻ ഫീസ് അടയ്ക്കൽ

ബഡ്ജറ്റ് വിഹിതം : 90 ലക്ഷം രൂപ (നോൺ പ്ലാൻ)

10. തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിൽ 100 സീറ്റുകൾ വർദ്ധിപ്പിച്ചതിനാലും ആലപ്പുഴ, എറണാകുളം, കണ്ണൂർ എന്നീ മെഡിക്കൽ കോളേജുകളിൽ 43 പി.ജി. സീറ്റുകൾ അനുവദിച്ചതിനാലും പരിശോധന, അംഗീകാരം എന്നീ ഇനങ്ങളിൽ മേൽ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ അധികമായി 40 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിലേക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-95—അലോപ്പതി മെഡിക്കൽ കോളേജ്, ആലപ്പുഴ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-105-95-05-2—ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ് : 32.98 ലക്ഷം രൂപ

2210-05-105-95-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും : 22.8008 കോടി രൂപ

11. മേൽ ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം അധികതുക പ്രസ്തുത ശീർഷകങ്ങളിലേക്ക് ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-95-05-2—4.5 ലക്ഷം രൂപ

2210-05-105-95-12—2.75 കോടി രൂപ

2210-05-105-98-34-3—അലോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം - മറ്റ് ചെലവുകൾ - മറ്റിനം

ബഡ്ജറ്റ് വിഹിതം : 4.4 കോടി രൂപ (പ്ലാൻ)

12. തിരുവനന്തപുരം അലോപ്പതി മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി, മൾട്ടി സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസിനായി ബഡ്ജറ്റിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 15.6 കോടി രൂപ അധികമായി പ്രസ്തുത ശീർഷകത്തിലേക്ക് ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-94-05-2—അലോപ്പതി മെഡിക്കൽ കോളേജ്, തൃശ്ശൂർ ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 61.37 ലക്ഷം രൂപ (നോൺ പ്ലാൻ)

13. തൃശ്ശൂർ മെഡിക്കൽ കോളേജിലെ വൈദ്യുതി ചെലവിനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 4.63 ലക്ഷം രൂപ അധികമായി പ്രസ്തുത ശീർഷകത്തിലേക്ക് ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-53—സർക്കാർ മെഡിക്കൽ കോളേജ്, പാരിപ്പള്ളി, കൊല്ലം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-105-53-05 -1—ഓഫീസ് ചെലവുകൾ - വെള്ളക്കരം - 42.69 ലക്ഷം രൂപ

2210-05-105-53-05-2—ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ് - 2.5979 കോടി രൂപ

2210-05-105-53-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും - 1.7759 കോടി രൂപ

14. പാരിപ്പള്ളി മെഡിക്കൽ കോളേജിലെ വെള്ളക്കരം, വൈദ്യുതി ചാർജ്ജ് കുടിശ്ശിക എന്നിവ ഒടുക്കുന്നതിനും ഹൗസ്സർജൻ, പി.ജി. വിദ്യാർത്ഥികളുടെ സ്റ്റൈപ്പെന്റ് നൽകുന്നതിനും നടപ്പ് സാമ്പത്തിക വർഷം മേൽപ്പറഞ്ഞ ശീർഷകങ്ങളിലെ തുക അപര്യാപ്തമാണ്. ആയതിനാൽ ചുവടെ ചേർക്കും പ്രകാരമുള്ള അധിക തുക പ്രസ്തുത ശീർഷകങ്ങളിലേക്ക് ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-53-05-1—2.4531 കോടി രൂപ

2210-05-105-53-05-2—5.9456 കോടി രൂപ

2210-05-105-53-12—3.5259 കോടി രൂപ

2210-05-105-45—ദന്തൽ കോളേജ്, തൃശ്ശൂർ

2210-05-105-45-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും-90.92 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-05-105-45-34 -3—മറ്റ് ചെലവുകൾ-മറ്റിനം-1.7 കോടി രൂപ (പ്ലാൻ)

15. തൃശ്ശൂർ ദന്തൽ കോളേജിലെ ഹൗസ് സർജൻമാർക്ക് സ്റ്റൈപ്പെന്റ് ഇനത്തിലും ദന്തൽ കോളേജ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ ചെലവ് ഇനത്തിലും മേൽ ശീർഷകങ്ങളിലേക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം അധിക തുക പ്രസ്തുത ശീർഷകങ്ങളിലേക്ക് ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-45-12—72.88 ലക്ഷം രൂപ

2210-05-105-45-34-3—8.3 കോടി രൂപ

2210-05-105-32—അലോപ്പതി മെഡിക്കൽ കോളേജ്, മഞ്ചേരി

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

2210-05-105-32-02—വേതനം - 4 - കൺസോളിഡേറ്റഡ് പേ - 7.6736 കോടി രൂപ

2210-05-105-32-02—വേതനം -5- ദിവസ വേതനം - 1.1455 കോടി രൂപ.

2210-05-105-32-05— ഓഫീസ് ചെലവുകൾ -1 - വെള്ളക്കരം - 5.51 ലക്ഷം രൂപ.

2210-05-105-32-05 —ഓഫീസ് ചെലവുകൾ - 2 -വൈദ്യുതി ചെലവ് - 19.97 ലക്ഷം രൂപ.

2210-05-105-32-05—ഓഫീസ് ചെലവുകൾ -3- ടെലിഫോൺ ചെലവ് -76,000 രൂപ

2210-05-105-32-12 —സ്കോളർഷിപ്പുകളും സ്റ്റൈപ്പൻഡുകളും - 3.6187 കോടി രൂപ.

2210-05-105-32-24—സാധന സാമഗ്രികൾ - 2 ലക്ഷം രൂപ.

16. നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിലേക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം പ്രസ്തുത ശീർഷകങ്ങളിലേക്ക് അധിക തുക ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-32-02-4—2.3216 കോടി രൂപ.

2210-05-105-32-02-5—13.23 ലക്ഷം രൂപ.

2210-05-105-32-05-1—11.32 ലക്ഷം രൂപ.

2210-05-105-32-05-2—1.8103 കോടി രൂപ.

2210-05-105-32-02-3—2.31 ലക്ഷം രൂപ.

2210-05-105-32-12—9.599468 കോടി രൂപ.

2210-05-105-32-24—20.91048 ലക്ഷം രൂപ.

2210-05-105-30-34-3—മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള അടിസ്ഥാന സൗകര്യ നവീകരണവും വിലയേറിയ ഉപകരണങ്ങളുടെ സംരക്ഷണവും - മറ്റിനം

ബഡ്ജറ്റ് വിഹിതം : 19 കോടി രൂപ (പ്ലാൻ)

17. നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-20—നഴ്സിംഗ് കോളേജ്, ആലപ്പുഴ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-105-20-05—ഓഫീസ് ചെലവുകൾ -2-വൈദ്യുതി ചെലവ് -1.80 ലക്ഷം രൂപ

2210-05-105-20-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പൻഡുകളും -1.6625 കോടി രൂപ

18. നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം പ്രസ്തുത ശീർഷകങ്ങളിലേക്ക് അധിക തുക ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-20-05-2—32,036 രൂപ.

2210-05-105-20 -12—4.1081 ലക്ഷം രൂപ.

2210-05-105-18—സീമെറ്റിനുള്ള സാമ്പത്തിക സഹായം

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

2210-05-105-18-35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം - 55 ലക്ഷം രൂപ

2210-05-105-18-36—സഹായധനം - ശമ്പളേതരം -15 ലക്ഷം രൂപ

19. സീമെറ്റിന് കീഴിലുള്ള മലമ്പുഴയിലെയും പള്ളുരുത്തിയിലേയും കോളേജുകൾക്ക് സ്വന്തമായുള്ള ലേഡീസ് ഹോസ്റ്റലുകൾ താമസ യോഗ്യമാക്കുന്നതിനുള്ള അറ്റകുറ്റപണികൾ നിർവ്വഹിക്കേണ്ടതിനാലും മുട്ടത്തറ കോളേജിന് സ്വന്തമായി കോളേജ് കെട്ടിടം നിർമ്മിക്കേണ്ടതിനാലും മേൽ ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ചുവടെ ചേർക്കുന്ന തുക അധികമായി ഈ ശീർഷകങ്ങളിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-18-35—1.4732 കോടി രൂപ

2210-05-105-18-36—55.50 ലക്ഷം രൂപ.

2210-05-105-10-34-3—നഴ്സിംഗ് കോളേജ്, മഞ്ചേരി - മറ്റ് ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

20. മഞ്ചേരി നഴ്സിംഗ് കോളേജിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ വഹിക്കുന്നതിന് ഫണ്ട് അത്യാവശ്യമാണ്. ആയതിനാൽ 49,000 രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4210-03-105-88 —ഡെന്റൽ കോളേജ്, തിരുവനന്തപുരം സ്ഥലമെടുപ്പ്, കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

21. തിരുവനന്തപുരം ഡെന്റൽ കോളേജിന്റെ പുതിയ കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി നിലവിൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിലേക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4210-03-105-65—കാസർഗോഡ് ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ് (നബാർഡിന്റെ സഹായത്തോടെ ആർ.ഐ.ഡി.എഫ്. പദ്ധതി)

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

22. കാസർഗോഡ് ജില്ലയിലെ പുതിയ മെഡിക്കൽ കോളേജിന്റെ മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ ഉൾപ്പെടെയുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിലേക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4210-03-105-66—ഇടുക്കി ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ്

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

23. ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിലേക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശീർഷകം പുനഃസ്ഥാപിക്കുന്നതിനുള്ള ശിപാർശ**

2210-05-105-07—സീമെറ്റിന് കീഴിൽ പുതിയ നഴ്സിംഗ് കോളേജ്

ബഡ്ജറ്റ് വിഹിതം : ഇല്ല

24. സീമെറ്റിന് കീഴിൽ പുതിയതായി ആരംഭിച്ച 7 നഴ്സിംഗ് കോളേജുകൾക്ക് വിനിയോഗിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ ശീർഷകം ഇല്ലാത്തതിനാൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ശീർഷകം പുനഃസ്ഥാപിച്ച് 3 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഉപശീർഷകം അനുവദിക്കുന്നതിനുള്ള ശിപാർശ**

2210-05-105-10-00-05-3—നഴ്സിംഗ് കോളേജ്, മഞ്ചേരി

ബഡ്ജറ്റ് വിഹിതം : ഇല്ല

25. 2022 അവസാന പാദത്തിൽ ആരംഭിച്ച ഈ കോളേജിന് ഇ-ഓഫീസ് നടപ്പാക്കുന്നതിനായി ഇന്റർനെറ്റ്, നെറ്റ് ടെലിഫോൺ കണക്ഷൻ ഒന്നും നിലവിലില്ലാത്തതിനാൽ ടെലിഫോൺ കണക്ഷൻ എടുക്കുന്നതിനായി ഫണ്ട് അത്യാവശ്യമാണ്. ആയതിനാൽ 2210-05-105-10 എന്ന ശീർഷകത്തിൻ കീഴിൽ ഉപശീർഷകം അനുവദിച്ച് 25,000 രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഭക്ഷ്യ സുരക്ഷാ വകുപ്പ്**

2210-06-102-99—ഭക്ഷ്യകാര്യ ഭരണം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-06-102-99-05—ഓഫീസ് ചെലവുകൾ - 2 -വൈദ്യുതി ചെലവ് - 8.38 ലക്ഷം രൂപ

2210-06-102-99-05—ഓഫീസ് ചെലവുകൾ-3 -ടെലിഫോൺ ചെലവ് -1.12 ലക്ഷം രൂപ

2210-06-102-99-06—വാടക, കരം, നികുതി - 10 ലക്ഷം രൂപ

2210-06-102-99-34-3 —മറ്റ് ചെലവുകൾ- മറ്റിനം - 12.15 ലക്ഷം രൂപ

26. മേൽ സൂചിപ്പിച്ച ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകങ്ങളിലേക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-102-99-05-2—9.8 ലക്ഷം രൂപ

2210-06-102-99-05-3—80,000 രൂപ

2210-06-102-99-06—11.25 ലക്ഷം രൂപ

2210-06-102-99-34-3—10.35 ലക്ഷം രൂപ

2210-06-107-98—ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-06-107-98-05—ഓഫീസ് ചെലവുകൾ - 1 - വെള്ളക്കരം - 97,000 രൂപ

2210-06-107-98-05—ഓഫീസ് ചെലവുകൾ - 2 - വൈദ്യുതി ചെലവ് - 30.62 ലക്ഷം രൂപ

2210-06-107-98-05—ഓഫീസ് ചെലവുകൾ - 3 -ടെലിഫോൺ ചെലവ് - 43,000 രൂപ

2210-06-107-98-06—വാടക, കരം, നികുതി - 1.35 ലക്ഷം രൂപ

27. നടപ്പ് സാമ്പത്തിക വർഷം മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ചുവടെ ചേർക്കും പ്രകാരം അധികതുക ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-107-98-05-1—1.47 ലക്ഷം രൂപ

2210-06-107-98-05 -2—39.99 ലക്ഷം രൂപ

2210-06-107-98-05-3—46,000 രൂപ

2210-06-107-98-06—2.85 ലക്ഷം രൂപ

4210-04-200-93—ഭക്ഷണത്തിൽ മായം ചേർക്കൽ തടയുന്നതിനുള്ള കാര്യാലയം

ബഡ്ജറ്റ് വിഹിതം : ഇല്ല

28. എറണാകുളം ജില്ലാ കാര്യാലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിലേക്ക് തുക വകയിരുത്തിയിട്ടില്ല. പ്രസ്തുത ശീർഷകത്തിലേക്ക് 2 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഡ്രഗ്സ് കൺട്രോൾ വകുപ്പ്**

2210-06-104-99—ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം

ബഡ്ജറ്റ് വിഹിതം : (നോൺപ്ലാൻ)

2210-06-104-99-06—വാടക, കരം, നികുതി - 8.80 ലക്ഷം രൂപ

2210-06-104-99-45—പി.ഒ.എൽ. - 2.18 ലക്ഷം രൂപ

29. ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിൽ മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ കുടിശ്ശിക തുക ഉള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള

തുക അപര്യാപ്തമാണ്. ആയതിനാൽ ചുവടെ ചേർക്കും പ്രകാരം അധിക തുക ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-104-99-06—18 ലക്ഷം രൂപ

2210-06-104-99-45—പി.ഒ.എൽ - 12 ലക്ഷം രൂപ

2210-06-104-98—മരുന്ന് പരിശോധനശാല

ബഡ്ജറ്റ് വിഹിതം : (നോൺപ്ലാൻ)

2210-06-104-98-05-1—ഓഫീസ് ചെലവുകൾ - വെള്ളക്കരം -60,000 രൂപ

2210-06-104-98-05-2—ഓഫീസ് ചെലവുകൾ -വൈദ്യുതി ചെലവ് - 32.09 ലക്ഷം രൂപ

2210-06-104-98-06—വാടക, കരം, നികുതി -99,000 രൂപ

30. മരുന്ന് പരിശോധനശാലയുടെ കീഴിലുള്ള വിവിധ ലാബോറട്ടറികളിലെ വെള്ളക്കര ഇനത്തിലും വൈദ്യുതി ചെലവ് ഇനത്തിലും കെട്ടിട നികുതിയിനത്തിലും നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ചുവടെ ചേർക്കും പ്രകാരം തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകങ്ങളിലേക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-104-98-05-1—1.4 ലക്ഷം രൂപ

2210-06-104-98-05-2—13 ലക്ഷം രൂപ

2210-06-104-98-06—2 ലക്ഷം രൂപ

**കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്**

2210-80-190-99-36—കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് -സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 356.4 കോടി രൂപ (നോൺ പ്ലാൻ)

31. 2025-26 സാമ്പത്തിക വർഷത്തെ അവശ്യമരുന്നുകളുടെ സംഭരണത്തിന് നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 658.52 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല**

ബഡ്ജറ്റ് വിഹിതം : പ്ലാൻ

2210-05-001-93-35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം - 10 കോടി രൂപ

2210-05-001-93-36—സഹായധനം - ശമ്പളേതരം - 1.5 കോടി രൂപ

32. നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 26.010774 കോടി രൂപ മേൽ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-001-93-31—കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 4.4876 കോടി രൂപ (നോൺ പ്ലാൻ)

33. നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 14.4879 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-001-93-36—കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 2.7280 കോടി രൂപ (നോൺ പ്ലാൻ)

34. നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 3.2720 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പ്രാദേശിക അർബുദ ചികിത്സാകേന്ദ്രം**

2210-05-105-52-31—പ്രാദേശിക അർബുദ ചികിത്സ കേന്ദ്രം സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 44.6434 കോടി രൂപ (നോൺ പ്ലാൻ)

35. R.C.C. യിലെ ജീവനക്കാർക്ക് പുതുക്കിയ നിരക്കിൽ ശമ്പളം അനുവദിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 52.3866 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-52-36—പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം - സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 27.0175 കോടി (നോൺ പ്ലാൻ)

36. പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രത്തിലേക്കുള്ള മരുന്നുകൾ, റീയേജന്റുകൾ തുടങ്ങിയവ വാങ്ങുന്നതിനും, നിർദ്ധന രോഗികളുടെ ചികിത്സ, കെട്ടിടത്തിന്റെയും ഉപകരണങ്ങളുടെയും പരിപാലന - അറ്റകുറ്റപണികൾ, മാലിന്യ നിർമ്മാർജ്ജനം, ഓഡിറ്റ് ചെലവുകൾ, പെൻഷൻ പദ്ധതിയിലേക്കുള്ള തൊഴിലുടമയുടെ വിഹിതം, ഇലക്ട്രിസിറ്റി ചാർജ്ജ്, വെള്ളക്കരം, മറ്റ് നികുതികൾ മുതലായ ഓഫീസ് ചെലവുകൾ വഹിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 12.9825 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-200-97—നീണ്ടകരയിലെ ആർ. സി. സി. യുടെ പെരിഫറൽ സെന്ററിന് സഹായധനം

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

2210-05-200-97-31—സഹായധനം - ശമ്പളം - 27.07 ലക്ഷം രൂപ

2210-05-200-97-36—സഹായധനം - ശമ്പളേതരം - 11.38 ലക്ഷം രൂപ

37. നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ചുവടെ ചേർക്കും പ്രകാരം തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകങ്ങളിലേക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-200-97-31—4.93 ലക്ഷം രൂപ

2210-05-200-97-36—8.62 ലക്ഷം രൂപ

**കൊച്ചിൻ ക്യാൻസർ സെന്റർ**

2210-05-200-92—ക്യാൻസർ ഗവേഷണകേന്ദ്രം, കൊച്ചി, എറണാകുളം. സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : ( പ്ലാൻ)

2210-05-200-92-35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം - 10.8 കോടി രൂപ

2210-05-200-92-36—സഹായധനം - ശമ്പളേതരം -7.2 കോടി രൂപ

38. C.C.R.C.യുടെ ഒന്നാം ഘട്ട പ്രവർത്തനം 2025 മാർച്ച് മാസം ആരംഭിക്കാനിരിക്കുന്നതിനാൽ പ്രവർത്തനത്തിന് ആവശ്യമായ വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകങ്ങളിലേയ്ക്ക് താഴെ പറയും പ്രകാരം അധിക ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-200-92-35—4.2 കോടി രൂപ

2210-05-200-97-92-36—32.05 കോടി രൂപ

**മലബാർ ക്യാൻസർ സെന്റർ**

2210-05-200-96—മലബാർ ക്യാൻസർ സെന്ററിനു സഹായം

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

2210-05-200-96-35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം - 21 കോടി രൂപ

2210-05-200-96-36—സഹായ ധനം - ശമ്പളേതരം - 14 കോടി രൂപ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-200-96-31—സഹായധനം - ശമ്പളം - 6.4932 കോടി രൂപ

2210-05-200-96-36—സഹായധനം - ശമ്പളേതരം - 6.0703 കോടി രൂപ

39. മലബാർ ക്യാൻസർ സെന്ററിലെ അക്കാദമിക് റിസർച്ച് ആവശ്യങ്ങൾക്കും നിലവിൽ അവിടെ നടന്നുവരുന്ന വികസന പദ്ധതികളുടെ പൂർത്തീകരണത്തിനും മറ്റ് നോൺ പ്ലാൻ ചെലവുകൾക്കും മേൽ സൂചിപ്പിച്ച ശീർഷകങ്ങളിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 35.692 കോടി രൂപ പ്ലാൻ ഫണ്ടിലും 11.1642 കോടി രൂപ നോൺ പ്ലാൻ ഫണ്ടിലും ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്റ്റേറ്റ് ഹെൽത്ത് ഏജൻസി**

2210-06-800-81—പ്രധാനമന്ത്രി ജന ആരോഗ്യയോജന /കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി - സംസ്ഥാന പദ്ധതി

ബഡ്ജറ്റ് വിഹിതം : 568 കോടി രൂപ (പ്ലാൻ)

40. എംപാനൽ ചെയ്തിട്ടുള്ള വിവിധ ആശുപത്രികൾക്കും കൂടി ആകെ 1640 കോടി രൂപ കുടിശ്ശിക കൊടുത്ത് തീർക്കാനുള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ 732 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ഐക്കോൺസ്

2210-05-105-36—ജ്ഞാന ഗോചര ആശയ വിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടിയുള്ള സൊസൈറ്റി

ബഡ്ജറ്റ് വിഹിതം : 2.5365 കോടി രൂപ (നോൺ പ്ലാൻ)

41. കുട്ടികളിലും മുതിർന്നവരിലുമുള്ള ബൗദ്ധികവും പഠനപരവുമായ ഭിന്നശേഷി കണ്ടെത്തുകയും ചികിത്സ നൽകുകയും ചെയ്യുന്ന ഐക്കോൺസിലെ സ്ഥിര ജീവനക്കാരുടെ ശമ്പളം 11-ാം ശമ്പള കമ്മീഷൻ വ്യവസ്ഥകൾക്കനുസരിച്ചും മറ്റുള്ള താത്ക്കാലിക ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും മറ്റും മേൽ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 5.4756 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ഇംഹാൻസ്

2210-05-200-95—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസ്

2210-05-200-95-36—സഹായധനം-ശമ്പളേതരം -13.51 ലക്ഷം രൂപ (നോൺ പ്ലാൻ)

42. ഇംഹാൻസിൽ e-health സംവിധാനം നടപ്പാക്കുന്നതിനും രണ്ട് ലിഫ്റ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും, ലിഫ്റ്റുകൾക്കും ന്യൂറോ സയൻസ് ലാബോറട്ടറിയിലെ ഉപകരണങ്ങൾ AMC/CMC എന്നിവ എടുക്കുന്നതിനും e-office സംവിധാനം നടപ്പാക്കുന്നതിനും മേൽ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 72.28 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി

2210-01-110-42—മാനസികാരോഗ്യ സംരക്ഷണ നിയമത്തിന് കീഴിലുള്ള മാനസികാരോഗ്യ അവലോകന ബോർഡുകൾ

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

43. 2017- ലെ മാനസികാരോഗ്യ പരിപാലന നിയമ പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള അഞ്ച് മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകളുടെ ചെയർമാൻമാരുടെയും മറ്റംഗങ്ങളുടെയും ഹോണറേറിയം, അലവൻസുകൾ, വാഹന വാടകയിനത്തിലുള്ള ചെലവുകൾ മറ്റ് ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങൾ എന്നിവ നൽകുന്നതിന് മേൽ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2.9167 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-27—കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി-31- സഹായ ധനം- ശമ്പളം

ബഡ്ജറ്റ് വിഹിതം : 12.12 ലക്ഷം രൂപ (നോൺ പ്ലാൻ)

44. മെന്റൽ ഹെൽത്ത് അതോറിറ്റിയിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് മേൽ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 17 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിശുവികസന കേന്ദ്രം**

2210-05-105-50—ശിശു വികസന സെന്റർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

31-സഹായധനം-ശമ്പളം—1.3275 കോടി രൂപ

36-സഹായധനം-ശമ്പളേതരം—10.89 ലക്ഷം രൂപ

45. മേൽപ്പറഞ്ഞ ശീർഷകങ്ങളിലേക്ക് 2025-2026 സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന പ്രകാരമോ അധികമായി തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-50-31—50 ലക്ഷം രൂപ

2210-05-105-50-36—1.67 കോടി രൂപ

**കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ**

**(K-SOTTO)**

2210-01-110-65—മരണപ്പെട്ട ദാതാവിൽ നിന്നും അവയവങ്ങൾ മാറ്റി വയ്ക്കൽ (മൃത സഞ്ജീവനി)-34-മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

46. അവയവദാനം സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിനും, ജനകീയ ക്യാമ്പയിൻ നടപ്പിലാക്കുന്നതിനും ഡോക്ടർമാർക്ക് മസ്തിഷ്ക മരണ സ്ഥിരീകരണത്തിനുള്ള പരിശീലനം നൽകുന്നതിനും, എല്ലാ ജില്ലകളിലും കെ-സോട്ടോയുടെ റീജിയണൽ ഓഫീസ് തുടങ്ങുന്നതിനും കെ-സോട്ടോയുടെ ട്രാൻസ്പ്ലാന്റ് പ്രൊക്യൂർമെന്റ് യൂണിറ്റ് ആരംഭിക്കുന്നതിനും, അതിനുവേണ്ട താൽക്കാലിക ജീവനക്കാരുടെ നിയമനം നടത്തുന്നതിനും, കെ-സോട്ടോയുടെ വെബ്സൈറ്റ് അപ്ഗ്രേഡ് ചെയ്യുന്നതിനും മേൽ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

**കേരള ഹാർട്ട് ഫൗണ്ടേഷൻ**

2210-06-101-35—കേരള ഹാർട്ട് ഫൗണ്ടേഷൻ

ബഡ്ജറ്റ് വിഹിതം : (പ്ലാൻ) ഇല്ല

47. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിന് ഒരു എക്കോ മെഷീൻ വാങ്ങുന്നതിനും പൊതുജനങ്ങളുമായി നിരന്തരം സമ്പർക്കം പുലർത്തുന്ന വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് കാർഡിയോ പൾമനറി റീസസിറ്റേഷൻ (CPR) പരിശീലനം നൽകുന്നതിനും നടപ്പു സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ പ്ലാൻ ശീർഷകത്തിലേക്ക് 55 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ ആൻഡ് വൺ ഹെൽത്ത്**

2210-06-112-93—കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ (K-CDC)

ബഡ്ജറ്റ് വിഹിതം - 1 കോടി രൂപ (പ്ലാൻ)

48. K-CDC യുമായി ബന്ധപ്പെട്ട വിവിധ പ്രോജക്ടുകളും പ്രോഗ്രാമുകളും നടത്തുന്നതിന് 2025-2026 സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ കൂടി അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

**ആയുഷ് വകുപ്പ്**

**ഭാരതീയ ചികിത്സാ വകുപ്പ്**

2210-02-001-98—ആയുർവ്വേദ ജില്ലാ മെഡിക്കൽ ഓഫീസ്

2210-02-001-98-06—വാടക, കരം, നികുതി - 1.84 ലക്ഷം (നോൺ പ്ലാൻ)

49. പദ്ധതി നടത്തിപ്പിനായി നിലവിലെ ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.46 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-001-91—ഹെൽത്ത് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (എച്ച്.ഐ.എം.എസ്.)

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

50. പദ്ധതി നടത്തിപ്പിനായി നിലവിലെ ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-76—പ്രകൃതി ദുരന്തം മൂലമുള്ള പകർച്ച വ്യാധികളുടെ നിയന്ത്രണം

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

51. മരുന്നുകൾ, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവയ്ക്ക് നിലവിലെ ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-74—ഭാരതീയ ചികിത്സാ രീതിയിലുള്ള സ്പോർട്സ് മെഡിസിൻ ഗവേഷണശാല

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

